പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1447

02/03/2017 ൽ
മറുപടിയ്ക്ക്

# സ്വകാര്യമേഖലയിലേയും പൊതുമേഖലയിലേയും കശുവണ്ടി ഫാക്ടറികൾ

ചോദ്യം
ശ്രീ.മുല്ലക്കര രത്നാകരൻ

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും
കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വകാര്യമേഖലയിലേയും പൊതുമേഖലയിലേയും അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | (എ) | കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികൾ ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി ഈ സർക്കാർ തുറന്നു പ്രവർത്തിപ്പിച്ചിരുന്നു. എന്നാൽ ടെന്റർ നടപടികളിലൂടെ തോട്ടണ്ടി ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ നേരിട്ടതിനാൽ ഈ ഫാക്ടറികളുടെ പ്രവർത്തനം താല്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. ടെന്റർ വഴി വിദേശത്തു നിന്നും തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിച്ചു വരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ഫാക്ടറികൾ വീണ്ടും തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹു.ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രിയും, ബഹു.മുഖ്യമന്ത്രിയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചു ചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും തന്നെ |

| | | | |
|---|---|---|---|
| | | | മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയാണ്. ബഹു.മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തോട്ടണ്ടി കൈവശമുള്ളവർ ഫാക്ടറി തുറക്കാത്ത വിഷയം പരിഗണിക്കുകയും കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കു ന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ കാഷ്യു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ നിരന്തര ഇടപെടലു കളിലൂടേയും ടെണ്ടർ കണ്ടീഷനുകളിൽ അത്യാവശ്യം വേണ്ട ഇളവുകൾ വരുത്തിയതു കാരണം കൂടുതൽ വ്യാപാരികൾ ടെന്ററിൽ പങ്കെടുക്കുകയും തോട്ടണ്ടി ലഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2016 ഓണത്തിനു മുമ്പ് പൊതുമേഖലയിലുള്ള 40 ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാനും സാധി ച്ചിരുന്നു. |
| (ബി) | നിരവധി സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടച്ചിട്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | അടച്ചിട്ടിരിക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുത്ത് പ്രവർത്തി പ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയില്ല. |

Smitha

സെക്ഷൻ ഓഫീസർ